# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മടിക്കൈ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ .എസ് .എ .കെ.എസ് .ഡി8/676/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 17/10/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടിക്കൈ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ .എസ് .എ .കെ.എസ് .ഡി8/676/2023 തീയ്യതി: 17/10/2023

## കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രേഖ. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ .വി, ഓഡിറ്റ് ഓഫീസർ
തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു.വി.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. എസ് പ്രീത | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.എം വൽസൻ | സെക്രട്ടറി | 01-04-2022 | 26-04-2022 |
| ശ്രീ.സതീശൻ .ടി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-04-2022 | 04-05-2022 |
| ശ്രീ.ദിനേശൻ പാറയിൽ | സെക്രട്ടറി | 05-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മധുസൂദനൻ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 09-05-2022 |
| സതീശൻ .ടി.എസ് | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്) | 10-05-2022 | 31-05-2022 |
| വി ആർ അശോകൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2022 | 18-10-2022 |
| സീമ.പി | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്) | 19-10-2022 | 31-10-2022 |
| സുദേവൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| സന്തൂപ് ചന്ദ്രൻ സി | അസിസ്റ്റന്റ് എഞ്ചിനിയർ (LID&EW) | 01-04-2022 | 31-03-2023 |
| അഞ്ജു എസ് | കൃഷി ഓഫീസർ | 01-04-2022 | 05-08-2022 |
| അരവിന്ദൻ കൊട്ടാരത്തിൽ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ഡോ. റൂബി അഗസ്റ്റിൻ | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.സ്വപ്ന.കെ.എസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-01-2023 |
| ഡോ.ബിന്ദു | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-02-2023 | 31-03-2023 |
| ഡോ. മാർക്ക് ജേക്കബ് മുണ്ടംപള്ളി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ. വിപിൻരാജ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| രാജൻ എം | പ്രധാനധ്യാപകൻ | 01-04-2022 | 31-03-2023 |
| വേണുഗോപാലൻ.പി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| രേഷ്മ കെ ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അലാഹുദ്ദീൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ് | 1-1-2 |
| 4 | Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകളിൽ പിശകുകൾ | 1-1-4 |
| 6 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക അതാത് ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ജേണൽ രേഖപ്പെടുത്തിയതിന് ആധാരമാക്കിയ രേഖ ലഭ്യമല്ല. | 1-1-6 |
| 8 | അഡ്വാൻസ് കണക്കുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | പെൻഷൻ കണക്ക് രേഖപ്പെടുത്തിയതിൽ ഇരട്ടിപ്പ് | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | തനതു വരുമാനം-ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം. | 1-10 |
| 20 | ഇ-പേമെന്റ് തുക ബാങ്കിൽ വരവായി ലഭിച്ചിട്ടില്ല. | 1-11 |
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ | 1-12 |
| 22 | വസ്തു നികുതി നിർണ്ണയം-വിജ്ഞാപനത്തിലെ അപാകതകൾ | 1-13 |
| 23 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് - നടപടികൾ സ്വീകരിച്ചില്ല. | 1-14 |
| 24 | മുൻകൂർ യാത്രാബത്ത അനുവദിച്ചത് - ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-15 |
| 25 | ഓഫീസ് വാഹനം - റിപ്പയർ ചാർജ്ജസ് - റിപ്പയർ രജിസ്റ്റർ -അപാകത | 1-16 |
| 26 | ഓഫീസ് വാഹനം - POL ചാർജ്ജസ് - ലോഗ് ബുക്ക് അപാകത | 1-17 |

| | | |
|---|---|---|
| 27 | ഘടകസ്ഥാപനങ്ങൾക്ക് മുകളിൽ സോളാർപാനൽ സ്ഥാപിക്കൽ പദ്ധതി. | 1-18 |
| 28 | പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തത് | 1-19 |
| 29 | എരിക്കുളം പൊതു ശ്മശാനം -ഗ്യാസ് ക്രിമിറ്റോറിയത്തിലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി. | 1-20 |
| 30 | എരിക്കുളം പൊതുശ്മശാനത്തിലേക്ക് വൈദ്യുതീകരണം വൈദ്യുതി പോസ്റ്റ് സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിന് തുക ഡെപ്പോസിറ്റ് ചെയ്യൽ പദ്ധതി | 1-21 |
| 31 | ക്ഷേമപെൻഷൻ -മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല | 1-22 |
| 32 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി | 1-23 |
| 33 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 34 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-25 |
| 35 | എഫ്.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ -ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 36 | അലോപ്പതി മരുന്ന് വാങ്ങൽ - സർക്കാർ മാർഗ്ഗ നിർദ്ദേശം കൃത്യമായി പാലിക്കുന്നില്ല. | 1-27 |
| 37 | എഫ്.എച്ച്.സി -ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. | 1-28 |
| 38 | എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുത്തി- ഒഴിഞ്ഞ ടാർ വീപ്പകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. | 1-29 |
| 39 | നിർമാണ സാമഗ്രികളുടെയും കോൺക്രീറ്റ് റോഡ് പ്രതലങ്ങളുടെയും ഇന്റർലോക്ക് ടൈലുകളുടെയും ഗുണനിലവാര പരിശോധനകൾ നടത്തിയിട്ടില്ല | 1-30 |
| 40 | R-Track ആപ്ലിക്കേഷനിൽ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള കണക്റ്റിവിറ്റി മാപ്പും ഡിജിറ്റൽ ആസ്തി രജിസ്റ്ററും തയ്യാറാക്കൽ- പ്രോജക്ടിന്റെ നിർവഹണ രീതിയും ഫലപ്രാപ്തിയും അവ്യക്തം | 1-31 |
| 41 | പ്രോജക്ട് നം. 54/23-ജി.എൽ.പി.സ്കൂൾ കീക്കാംകോട്ട് റിപ്പയർ- ഡിസ്മാന്റിൽ ചെയ്ത സാമഗ്രികളുടെ ഡിസ്പോസൽ വ്യക്തമാക്കേണ്ടതാണ്. | 1-32 |
| 42 | വൈദ്യുതീകരണ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ മേൽനോട്ടമില്ലാതെ നിർവഹിച്ചു | 1-33 |
| 43 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല. | 1-34 |
| 44 | അനുപൂരക പോഷകാഹാര പരിപാടി -സാധനങ്ങൾ വാങ്ങിക്കുന്നതിലെ അപാകത | 1-35 |
| 45 | അനുപൂരക പോഷകാഹാര പരിപാടി- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു. | 1-36 |

| | | |
|---|---|---|
| 46 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം- വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | രസീപ്റ്റ് & പേയ്മെന്റ് പത്രിക | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 1/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 1.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൽഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭാപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാസറഗോഡ്
തീയതി : 17.10.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-3 Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക്

2022-23 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം Excess Of Income Over Expenditure 52,22,756 രൂപയാണ്. എന്നാൽ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ ഫണ്ടിലേക്ക് ക്യാരി ഓവർ ചെയ്ത തുക 1,81,64,605 രൂപയാണ്. ഈ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകളിൽ പിശകുകൾ

എ) 312100128- Capital Contribution From NREGA- 88,26,220 (2022-23 വർഷത്തിൽ NREGA യിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി മെറ്റീരിയൽ വാങ്ങിയ വകയിൽത്തന്നെ 1,08,08,724 രൂപയുടെ ചെലവുണ്ട്. 2022-23 വർഷം പൂർത്തിയാക്കി പേമെന്റ് നടത്തിക്കഴിഞ്ഞ ഈ പ്രവൃത്തികളുടെ മെറ്റീരിയൽ, വേതന ചെലവുകൾ കണക്കാക്കിയാൽത്തന്നെ NREGA യിലെ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ 88,26,220 രൂപയേക്കാൾ അധികം വരേണ്ടതാണ്.

ബി) ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) ൽ നിന്നുള്ള Capital Conribution 97,403 രൂപ 42201134 നമ്പർ ജേണൽ മുഖേന 312100211-capital Contribution Finance Commission Grant Tied Fund എന്ന കണക്കിലാണ് ഉൾപ്പെടുത്തിയത്.

സി) ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) ൽ നിന്നുള്ള ആകെ ചെലവ് 36,16,006 രൂപയാണ്. എന്നാൽ റവന്യൂ ഗ്രാന്റ് ആയി 35,20,355 രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി 97,403 രൂപയും ഉൾപ്പെടെ 36,17,758 രൂപയുടെ ചെലവും വരവും രേഖപ്പെടുത്തിയിട്ടുണ്ട്. (1,752 രൂപ അധികം)

ഡി) ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Fund) ൽ നിന്നുള്ള Capital Conribution 18,41,064 രൂപ 312100205-capital Contribution Finance Commission Grant Performance Grant എന്ന കണക്കിലാണ് ഉൾപ്പെടുത്തിയത്. 312100211-capital Contribution Finance Commission Grant Tied Fund എന്ന കണക്കിലായിരുന്നു ഉൾപ്പെടുത്തേണ്ടിയിരുന്നത്.

### 1-1-5 പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക അതാത് ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

എ) ഷെഡ്യൂൾ B4- 320100196- ശുചിത്വ മിഷൻ ഗ്രാന്റ് എന്ന കണക്കിൽ 2,56,788 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ 450210101- IDBI Suchitwa Mission 77622 എന്ന ബാങ്ക് അക്കൗണ്ടിൽ 31.03.2023 ലെ നീക്കിയിരിപ്പില്ല.

ബി) ഷെഡ്യൂൾ B4- ൽ 320200104- Finance Commission Grant Basic Grant- എന്ന കണക്കിൽ 4,49,269 രൂപയും 320200113-finance Commission Grant Tied Grant- എന്ന കണക്കിൽ 10,86,752 രൂപയും നീക്കിയിരിപ്പുണ്ട്. (ആകെ 15,36,021). എന്നാൽ CFC ഫണ്ടിനുള്ള ബാങ്ക് അക്കൗണ്ടിൽ (IDBI 80732) 31.03.2023 ന് 24,69,525 രൂപ നീക്കിയിപ്പുണ്ട്.

### 1-1-6 ജേണൽ രേഖപ്പെടുത്തിയതിന് ആധാരമാക്കിയ രേഖ ലഭ്യമല്ല.

320300199-Grants Funds And Contributions- Specific Purposes-other Financial Institutions എന്ന കണക്കിൽ ലൈഫ് പദ്ധതിയുടെ സ്റ്റേറ്റ് വിഹിതം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 31.03.2023 ലെ ജേണൽ വൗച്ചർ നം. 42201141 പ്രകാരം ലൈഫ് പദ്ധതിയുടെ സ്റ്റേറ്റ് വിഹിതത്തിൽ നിന്നുള്ള ചെലവ് എന്ന കണക്കിൽ 80,000രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ഇത്തരമൊരു ചെലവ് നടത്തിയതായി സുലേഖ യിൽ നിന്നുള്ള പ്രോജക്ട് ചെലവു പത്രികയിൽ ഇല്ല. ഈ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-7 അഡ്വാൻസ് കണക്കുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് | വാർഷിക കണക്കുകളിലെ നീക്കിയിരിപ്പ് |
|---|---|---|
| 460100101-festival Advance | 9,000 | 22,000 |
| 460500801-Advance To NREGA | 16,48,555 | 20,05,867 |

## 1-1-8 പെൻഷൻ കണക്ക് രേഖപ്പെടുത്തിയതിൽ ഇരട്ടിപ്പ്

ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ 160100747-SSS-pension For Unmarried Women Aged Above 50 എന്ന കണക്കിൽ 11,11,200രൂപ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈയിനത്തിലെ യഥാർത്ഥ വരുമാനം 5,55,600 രൂപ മാത്രമാണ്. ഈ തുകയ്ക്ക് രണ്ടു പ്രാവശ്യം ജേണൽ ചെയ്തതിനാൽ കണക്ക് ഇരട്ടിച്ചിട്ടുണ്ട്.

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 തീയ്യതി 30.03.2022 | 1/1 തീയ്യതി 27.02.2023 |
| മുന്നിരിപ്പ് | 4717825 | 6328152 |
| വരവ് | 294672000 | 319117832 |
| ആകെ | 299389825 | 325445984 |
| ചെലവ് | 298335500 | 324399267 |
| നീക്കിയിരിപ്പ് | 1054325 | 1046717 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 1,07,89,639 |
| വരവ് | 5,71,27,945 |
| ആകെ | 6,79,17,584 |
| ചെലവ് | 4,43,83,360 |
| നീക്കിയിരിപ്പ് | 2,35,34,224 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | ഇല്ല |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84,23,456/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23382000 | 23382000 | 22006399 | 1375601 |
| വികസനഫണ്ട് എസ്.സി.പി. | 0 | 856000 | 856000 | 779552 | 76448 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2384000 | 2384000 | 2224746 | 159254 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17691000 | 17691000 | 14809177 | 2881823 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6120000 | 6120000 | 6120000 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Tied – Bank) | 902395 | 3306987 | 4209382 | 2855966 | 1353416 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied – Treasury) | 0 | 863320 | 863320 | 760040 | 103280 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied-Bank ) | 31109 | 4727000 | 4758109 | 3640248 | 1117861 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied – Treasury) | 0 | 708083 | 708083 | 702653 | 5430 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 150000 | 150000 | 150000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 2790496 | 2910473 | 5700969 | 3701873 | 1999096 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 2837129 | 5210530 | 8047659 | 6328030 | 1719629 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 0 | 1195335 | 1195335 | 1192447 | 2888 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 840059 | 1595686 | 2435745 | 998818 | 1436927 |
| ടോട്ടൽ സാനിറ്റേഷൻ | 256788 | 1163000 | 1419788 | 1163000 | 256788 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 325440 | 325440 | 68516 | 256924 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 187504 | 187504 | 26630 | 160874 |
| RGPSA | 140669 | 0 | 140669 | 0 | 140669 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ലൈഫ് പദ്ധതി വായ്പ | 0 | 1740000 | 1740000 | 1740000 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1936000 | 2019000 | 3955000 | 1779000 | 2176000 |
| 320100200 മറ്റ് , അവാർഡുകൾ | 460000 | 20000 | 660000 | 300000 | 360000 |
| മറ്റുള്ളവ | | | | | |
| സോളാർ പാർക്ക് CSR ഫണ്ട് | 0 | 13697932 | 13697932 | 1804632 | 11893300 |

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2202614/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 112315/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 633473/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 154084692 | 156 | 71555098 | - | 38 | 80.41 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 29 | 19323276 | 25 | 12469749 | 64.53 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 1697600 | 5 | 792578 | 46.68 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 89 | 57293190 | 66 | 25686385 | 44.83 |
| 4 | കൃഷി ഓഫീസർ | 9 | 3922810 | 9 | 3417060 | 87.10 |
| 5 | വെറ്റിനറി സർജ്ജൻ | 4 | 1029380 | 4 | 1028989 | 99.96 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 20 | 54527218 | 18 | 14550833 | 26.68 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 5457747 | 9 | 4726151 | 86.59 |
| 8 | പ്രധാനധ്യാപകൻ | 9 | 2773372 | 5 | 1718048 | 61.94 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 5 | 3111489 | 5 | 3111489 | 100 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 8 | 3088610 | 8 | 2653816 | 85.92 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1200000 | 1 | 1200000 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 460000 | 0 | 0 | 0 |
| | ആകെ | 194 | 154084692 | 156 | 71555098 | 46.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1195335 | 1195335 | 1192447 | 2888/- |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 92493000 | 92493000 | 92493000 | - |
| ആകെ | 0 | 93688335 | 93688335 | 93685447 | 2888/- |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 2197 പദ്ധതികളുൾപ്പെടുന്ന 617805000 /- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 265 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 221433 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1804 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 73,44,800 | 716 |
| വിധവാപെൻഷൻ | 1,54,82,000 | 1520 |
| വാർദ്ധക്യകാലപെൻഷൻ | 1,68,17,400 | 1785 |
| വികലാംഗപെൻഷൻ | 35,68,200 | 360 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 5,55,600 | 53 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2023 തീയതിയിൽ 3.00 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 21,980/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്.ഓഡിറ്റ് വർഷം 12 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. 18/04/22 മുതൽ 14/10/22 വരെയുള്ള കാലയളവിൽ ചേർന്ന യോഗങ്ങളുടെ തീരുമാനങ്ങൾ മിനിട്സിൽ

രേഖപ്പെടുത്തി സെക്രട്ടറി ക്ലോസ് ചെയ്തിട്ടില്ല. 27/10/22 മുതൽ 15/03/2023 വരെയും തുടർന്ന് 2023-24 വർഷം 03-08-2023 വരെയുള്ള തീയ്യതികളിലും ചേർന്ന യോഗങ്ങളുടെ മിനിട്സ് ബുക്ക് സെക്രട്ടറി ക്ലോസ്സ് ചെയ്തിട്ടില്ല. ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനോടൊപ്പം യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തി മിനിട്സ് ബുക്ക് ക്ലോസ് ചെയ്യുവാനും ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

2) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നിരുന്നാലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

3) ഐ.എൽ.ജി.എം.എസ് ൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം 37 ഫയലുകൾ ഓഡിറ്റ് തീയ്യതിയിൽ (23.08.2023) വിവിധ സെക്ഷനുകളിൽ തീർപ്പു കൽപ്പിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഫയൽ നീക്കം നിരീക്ഷിക്കുവാനും, സമയബന്ധിതമായി തീർപ്പാക്കുന്നത് ഉറപ്പുവരുത്തുവാനും ഐ.എൽ.ജി.എം.എസ് സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്.

4) ഓഡിറ്റ് വർഷം ഭരണ സമിതി 44 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസവും പത്താം തീയതിയ്ക്ക് മുമ്പ് പ്രതിമാസ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം നേടുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ അവരുടെ ചുമതകൾ നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചതിൽ ചില വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്ററിംഗിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതായി ശ്രദ്ധയിൽ പെടുകയുണ്ടായി . പദ്ധതി ആസൂത്രണ , നിർവ്വഹണ ഘട്ടങ്ങൾ പൂർത്തിയാകുന്നതോടെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്.

5) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 23/12/2022, 05/01/2023, 10/01/2023, 16/01/2023, 24/02/2023, 08/03/2023, 25/03/2023 എന്നീ തീയ്യതികളിൽ യോഗം ചേർന്നിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികൾ ഭൂരിഭാഗവും പ്രൊക്യൂർമെന്റ് സമിതിയുടെ അംഗീകാരത്തിനെത്തിയത് സാമ്പത്തിക വർഷാവസാനത്തെ മൂന്ന് മാസങ്ങളിലാണ്. സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊക്യൂർമെന്റ് പ്ലാൻ നേരത്തെ തയ്യാറാക്കി ആയത് പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, സാമ്പത്തിക വർഷാവസാനത്തേയ്ക്ക് വാങ്ങൽ നടപടികൾ നീണ്ട് പോകുന്നത് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

6) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

7) സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും കണ്ടെത്തുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 1-10 തനതു വരുമാനം-ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി. കെ.എസ്.എ.3683/എസ്. എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 17 മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

<u>വസ്തുനികുതി.</u>

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മടിക്കൈ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 29.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1/1 നമ്പർ തീരുമാന പ്രകാരം താല്കാലികമായി നിശ്ചയിച്ചിരുന്നു. ആ വിവരം 19.05.2023 ന് പത്രത്തിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് മേൽ കരട് വിജ്ഞാപനം 23.06.2023-ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1/1 നമ്പർ തീരുമാന പ്രകാരം അന്തിമമായി വിജ്ഞാപനം ചെയ്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു, ആ വിവരം 06.07.2023 ന് പത്രത്തിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ്, പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത് പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ പരിഗണിച്ചോ എന്നുള്ളത് വ്യക്തമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും

അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 160 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവെങ്കിലും ഉദ്യോഗസ്ഥരെ നിയമിക്കുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ക്രമവത്കരിച്ച് നൽകുകയോ അല്ലെങ്കിൽ യു.എ നമ്പർ നൽകുകയോ ചെയ്ത് വസ്തുനികുതി ചുമത്തേണ്ടതാണ്.

നിലവിൽ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പൊതുജനത്തിന് നേരിട്ട് പണമെടുക്കുന്നതിനായി SBI യിൽ SBI EPAYMENT (67390623501) ഓൺലൈൻ സംവിധാനമുണ്ട്. എന്നാൽ ഇത്തരം പണമിടപാടുകൾ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. IKM ഓൺലൈൻ ട്രാൻസാക്ഷൻ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നത് വൈകുന്നതാണ് കാരണമെന്ന് അക്കൗണ്ടന്റ് അറിയിച്ചിട്ടുണ്ട്.

<u>സേവന ഉപനികുതി.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്റ്റിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവന ഉപ നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തിയതായി കാണുന്നില്ല. വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്.

<u>തൊഴിൽ നികുതി.</u>

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

<u>മറ്റിനങ്ങൾ.</u>

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.
ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

<u>1-11 ഇ-പേമെന്റ് തുക ബാങ്കിൽ വരവായി ലഭിച്ചിട്ടില്ല.</u>

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.റ്റി. ഇ -പെയ്മെന്റ് (അക്കൗണ്ട് നം 67390623501) അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 119060900092 | 18.12.2019 | 2011 |
| 2 | 119060900070 | 13.11.2019 | 693 |
| 3 | 119060900071 | 13.11.2019 | 188 |
| 4 | 119060900072 | 13.11.2019 | 368 |
| 5 | 119060900073 | 13.11.2019 | 386 |
| 6 | 119060900074 | 13.11.2019 | 760 |
| 7 | 119060900075 | 13.11.2019 | 2098 |
| 8 | 119060900077 | 13.11.2019 | 419 |
| 9 | 119060900079 | 14.11.2019 | 1140 |
| 10 | 119060900080 | 16.11.2019 | 4167 |
| 11 | 119060900081 | 18.11.2019 | 996 |
| 12 | 119060900082 | 19.11.2019 | 2479 |
| 13 | 119061000001 | 20.11.2019 | 1435 |
| 14 | 119060900083 | 21.11.2019 | 1442 |
| 15 | 119060900084 | 23.11.2019 | 845 |
| 16 | 119060900085 | 24.11.2019 | 191 |
| 17 | 119060900086 | 25.11.2019 | 2905 |
| 18 | 119060900087 | 26.11.2019 | 561 |
| 19 | 119060900088 | 27.11.2019 | 1355 |
| 20 | 119060900089 | 28.11.2019 | 356 |
| 21 | 119060900090 | 29.11.2019 | 661 |
| 22 | 119060900091 | 30.11.2019 | 514 |

| | | | |
|---|---|---|---|
| 23 | 119060900061 | 15.10.2019 | 1206 |
| 24 | 119060900062 | 15.10.2019 | 1574 |
| 25 | 119060900063 | 15.10.2019 | 46 |
| 26 | 119060900064 | 30.10.2019 | 73 |
| 27 | 119060900065 | 30.10.2019 | 756 |
| 28 | 119060900066 | 30.10.2019 | 1408 |
| 29 | 119060900067 | 30.10.2019 | 641 |
| 30 | 119060900068 | 30.10.2019 | 306 |
| 31 | 119060900069 | 30.10.2019 | 1378 |
| 32 | 119060900058 | 30.9.2019 | 1001 |
| 33 | 119060900059 | 30.9.2019 | 692 |
| 34 | 119060900060 | 30.9.2019 | 22 |
| 35 | 119060900141 | 2.3.2020 | 1908 |

ഇത്തരത്തിൽ 2019 സെപ്റ്റംബർ മുതലുള്ള തുകകൾ ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല. മേൽ തുകകൾ സഞ്ചയയിൽ ഇ-പേമെന്റ് കാണിച്ചിട്ടുള്ളതിനാൽ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട തുക ഇത്തരത്തിൽ ക്രെഡിറ്റാകാതെ നിൽക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതും തുക പൂർണ്ണമായും അക്കൗണ്ടിൽ ലഭിക്കുന്നതിനുള്ള തുടർ നടപടിയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം (സഞ്ചയ പ്രകാരം) 31.03.2023 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1577 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 385 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1577 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 385 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി 90% ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യൂ.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 593 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 14 |
| 3 | ഓഡിറ്റോറിയം | 1 |
| 4 | പബ്ലിക് മാർക്കറ്റ് | 1 |
| 5 | ഹോട്ടൽ/ഫുഡ് കോർട്ട് | 37 |
| 6 | സലൂൺ / സ്പാ | 10 |
| 7 | ഓഫീസ് കെട്ടിടങ്ങൾ | 81 |
| ആകെ | | 737 |

ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റും സംരംഭക ലൈസൻസ് സംബന്ധിച്ച ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 19തീ.23.08.2023).

1-13 വസ്തു നികുതി നിർണ്ണയം-വിജ്ഞാപനത്തിലെ അപാകതകൾ

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം പഞ്ചായത്തിലെ ഭൂപ്രദേശങ്ങളെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായും; ചട്ടം-8 പ്രകാരം പഞ്ചായത്തിലെ റോഡുകളെ നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ , പഞ്ചായത്ത് നിശ്ചയിക്കുന്ന ഒന്നാം തരം/ രണ്ടാം തരം റോഡ് , ജില്ലാ റോഡ് എന്നിങ്ങനെയും തരം തിരിച്ചിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ മേഖലകളേയും റോഡുകളേയും തരംതിച്ചത് പുതുക്കി നിശ്ചയിക്കുന്നതിന് സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 പ്രകാരം നിർദേശിച്ചിരുന്നു. ആയത് പ്രകാരം 06.07.2023 ന് ഇതു സംബന്ധിച്ച് പഞ്ചായത്ത് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പഞ്ചായത്ത് പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1). മേൽ ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ പഞ്ചായത്തിലെ പ്രദേശങ്ങളെ മേഖലകളുടെയും റോഡുകളുടെയും തരം തിരിവ് 2011 നിശ്ചയിച്ച അതേപടി നിലനിർത്തിയതായാണ് കാണുന്നത്. മേഖല/റോഡ് എന്നിവയുടെ തരം പുതുക്കുന്നത് സംബന്ധിച്ച ചർച്ചകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടന്നിട്ടില്ല.

2). പഞ്ചായത്ത് പരിധിയിലൂടെ കടന്ന് പോകുന്ന സംസ്ഥാന ഹൈവേ കരട്/അന്തിമ വിജ്ഞാപന പ്രകാരം സംസ്ഥാന ഹൈവേ എന്നതിന് പകരം പഞ്ചായത്ത് നിശ്ചയിക്കുന്ന ഒന്നാം തരം റോഡ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുവിലേക്കുള്ള വഴി സൗകര്യത്തിനനുസരിച്ച് അടിസ്ഥാന വസ്തു നികുതിയിൽ വരുത്തുന്ന വർദ്ധവ് സംസ്ഥാന ഹൈവേയിൽ നിന്നു പ്രവേശനം മാർഗമുള്ളതിന് 30%-വും ഒന്നാം തരം റോഡിൽ നിന്ന് പ്രവേശനം മാർഗമുള്ളതിന് 20% വും ആയതിനാൽ, മേൽ പറഞ്ഞ റോഡിൽ നിന്നും പ്രവേശന മാർഗമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ 10% നഷ്ടത്തിന് കാരണമാകുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ച് ആ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് - നടപടികൾ സ്വീകരിച്ചില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിൻമേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ,വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൻമേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള പ്രധാന നിർദ്ദേശങ്ങളിലൊന്നായ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 മുൻകൂർ യാത്രാബത്ത അനുവദിച്ചത് - ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

വൗച്ചർ നം.22200742/02.02.2023 – 10,000/- രൂപ

ശുചിത്വ മിഷന്റെ നേതൃത്വത്തിൽ കൊച്ചിയിൽ വച്ച് 2023 ഫെബ്രുവരി 4,5,6 തിയ്യതികളിൽ നടന്ന അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിൽ പങ്കെടുക്കുന്നതിനായി സെക്രട്ടറി ശ്രീ.ദിനേശൻ പാറയിലിന് മുൻകൂർ യാത്രാബത്തയായി 10,000/-രൂപ അനുവദിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം നം.19(1)/തിയ്യതി-28.1.2023 പ്രകാരമാണ് തുക നൽകിയത്.

കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര സാഹചര്യങ്ങളിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ, വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം പരമാവധി വേഗത്തിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം ബാങ്ക് പലിശ നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. 04.10.2011 ലെ ജി.ഒ(പി) നം. 419/11(ഫിൻ) നമ്പർ ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. ക്രമീകരിച്ച ബില്ലുകൾ യഥാസമയം സമർപ്പിക്കാതിരുന്നാൽ മുൻകൂർ തുക മുഴുവനും ഒറ്റത്തവണയായി തിരിച്ചടക്കേണ്ടതും തുക അനുവദിച്ച തിയ്യതി മുതൽ തിരിച്ചടക്കുന്ന തിയ്യതി വരെ 18% വാർഷിക പലിശ ഈടാക്കേണ്ടതുമാണ്. മുൻകൂർ ക്രമീകരിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിച്ചിട്ടില്ല എന്നാണ് ഓഡിറ്റിൽ കണ്ടെത്തിയിരിക്കുന്നത്. ഇത് സംബന്ധമായി നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. തുക എത്രയും പെട്ടെന്ന് ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 10,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം .13/22.08.2023

1-16 ഓഫീസ് വാഹനം - റിപ്പയർ ചാർജ്ജസ് - റിപ്പയർ രജിസ്റ്റർ -അപാകത

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വാഹനമായ KL 60-M-4940 ജീപ്പിന് റിപ്പയർ വർക്കുകൾ നടത്തിയ ഇനത്തിൽ താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200151/9.6.22 | 3735/- | Oil, Oil Filter,air Filter Change<br>Bill No.420/4.6.22-sree Durga Automobiles, Mavungal-400/-<br>Invoice No.CSC23B000217/4.6.22-Veer Motors Mavungal-3335/- |
| 2 | 22200465/28.10.22 | 5728/- | Repair Charge<br>Invoice No.RBC23B000854/Dt. 31.8.22- Veer Motors Mavungal |
| 3 | 22200763/9.2.23 | 13301/- | Repair Charge<br>Invoice<br>1.no.RBR20S001788/26.10.2019-5356/-<br>2.no.RBR20S001789/26.10.2019-2487/-<br>3.no.RBR20S002894/17.10.20- 3167/-<br>4.no.RBR20S002895/17.10.20-2291/- |
| 4 | 22200806/23.2.23 | 13586/- | Repair Charge<br>Invoice No.RBC23B001654/29.12.2022-13586/- |
| | | 36350/- | |

ആകെ 36,350/-രൂപ റിപ്പയർ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ക്രമ നം.(3) പ്രകാരമുള്ള 13301/-രൂപ 2019, 2020 വർഷങ്ങളിൽ റിപ്പയർ ഇനത്തിൽ ചെലവായ തുകയാണ്. മേൽ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ ഇൻവോയ്സുകൾ 2 സാമ്പത്തിക വർഷം കഴിഞ്ഞ് മാറിയതിന് കൃത്യമായ വിശദീകരണം നൽകിയിട്ടില്ല. ക്രമ നം.(4) പ്രകാരം 13586/-രൂപ റിപ്പയർ വർക്കിന് ചെലവഴിച്ചതിന് PWD മെക്കാനിക്കൽ ഡിവിഷനിൽ നിന്നും അനുമതി ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ റിപ്പയർ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ക്രമ നം.(2), 3(1,2), 3(3,4) എന്നിവ പ്രകാരമുള്ള ബിൽ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾക്ക് കൃത്യമായ മറുപടി നൽകുന്നതുവരെ റിപ്പയർ ഇനത്തിൽ ചെലവായ 36,350/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.15/23.08.2023 )

## 1-17 ഓഫീസ് വാഹനം - POL ചാർജ്ജസ് - ലോഗ് ബുക്ക് അപാകത

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വാഹനമായ KL 60-M-4940 ജീപ്പിന് ഇന്ധനം നിറച്ച ഇനത്തിൽ താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. ദേവ് ഫ്യൂവൽസ് ആനന്ദാശ്രമത്തിനാണ് തുക നൽകിയിരിക്കുന്നത്.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200032/23.4.22 | 16897/- | 03/2022 ലെ ചെലവ് |
| 2 | 22200144/4.6.22 | 14906/- | 04/2022 ലെ ചെലവ് |
| 3 | 22200174/23.6.22 | 18401/- | 05/2022 ലെ ചെലവ് |
| 4 | 22200229/25.7.22 | 9061/- | 06/2022 ലെ ചെലവ് |
| 5 | 22200370/16.9.22 | 17930/- | 07/2022 ലെ ചെലവ് |
| 6 | 22200471/31.10.22 | 9254/- | 09/2022 ലെ ചെലവ് |
| 7 | 22200474/31.10.22 | 13642/- | 08/2022 ലെ ചെലവ് |
| 8 | 22200595/6.12.22 | 17935/- | 10/2022 ലെ ചെലവ് |
| 9 | 22200699/17.1.23 | 13642/- | 11/2022 ലെ ചെലവ് |
| 10 | 22200807/23.2.23 | 17938/- | 12/2022 ലെ ചെലവ് |
| 11 | 22200808/23.2.23 | 13356/- | 01/2023 ലെ ചെലവ് |
| 12 | 22200896/18.3.23 | 14692/- | 02/2022 ലെ ചെലവ് |
| | ആകെ | 1,77,654/-രൂപ | |

ഹാജരാക്കിയ 20.05.2021 മുതൽ 02.07.2022 വരെയുള്ള ലോഗ് ബുക്ക് പരിശോധിച്ചതിൽ, 8.4.2022 ന്

ശേഷം 19.4.2022 നം, 21.6.2022 ന് ശേഷം 26.6.2022 നം മാത്രമാണ് രേഖപ്പെടുത്തലുകൾ ഉള്ളത്. കൂടാതെ ലോഗ് ബുക്കിലെ പേജ് നമ്പർ 243 മുതൽ 247 വരെയും, 291 മുതൽ 296 വരെയും, 298 & 299 എന്നിവയിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/23.08.2023 ന് മറുപടി നൽകിയിട്ടില്ല. ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടത് ഡ്രൈവറുടെ ഉത്തരവാദിത്വമാണ്. ലോഗ് ബുക്ക് കൃത്യമായി എഴുതിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ വേതനം നൽകാവൂ എന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. ലോഗ് ബുക്കിലെ അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 1,77,654/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ഘടകസ്ഥാപനങ്ങൾക്ക് മുകളിൽ സോളാർപാനൽ സ്ഥാപിക്കൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.221/23

അടങ്കൽ - 16,90,080/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 16,89,809/-രൂപ

ബിൽ നം.63/2022-23/28.3.2023 – 16,89,809/-രൂപ

മടിക്കൈ ഗ്രാമപഞ്ചായത്താഫീസ്, കാന്റീൻ എന്നിവയുടെ മുകളിൽ യഥാക്രമം 15, 3 കിലോ വാട്ട് ഓൺ ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പ്രവർത്തി അക്രഡിറ്റഡ് ഏജൻസിയായ അനർട്ടിനെ ഏൽപ്പിക്കാൻ തീരുമാനിച്ചതായും അതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജനറൽ മാനേജർ, അനർട്ട് കാസറഗോഡിന് 14.02.2023 തീയ്യതിയിൽ എസ്.സി-1-860/2023 നമ്പർ കത്ത് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് അനർട്ട് കാസറഗോഡ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപഠന റിപ്പോർട്ടും, വിശദമായ എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് സംബന്ധിച്ച വിശദവിവരങ്ങൾ താഴെപ്പറയുന്നു.

1.ഗ്രാമപഞ്ചായത്ത് ബിൽഡിംഗ്

15 KW സോളാർ പ്ലാന്റ് - 10,72,680.00

അഡീഷണൽ വർക്ക് ചെലവ് - 1,00,000.00

ഓൺഗ്രിഡ് നിലയം ചെയ്യുന്നതിന് സർവ്വീസ് ചാർജ്ജ് - 1,17,268.00

ആകെ - 12,89,948.00

2.ഗ്രാമപഞ്ചായത്ത് കാന്റീൻ

3 KW സോളാർ പ്ലാന്റ് - 2,21,510.00

അഡീഷണൽ വർക്ക് ചെലവ് - 1,42,000.00

ഓൺഗ്രിഡ് നിലയം ചെയ്യുന്നതിന് സർവ്വീസ് ചാർജ്ജ് - 36,351.00

ആകെ - 3,99,861.00

20.3.2023 ന് അനർട്ടുമായി കരാർ ഒപ്പ് വെക്കുകയും, തുക ഒടുക്കാനവശ്യപ്പെട്ട് താഴെ പറയും പ്രകാരം ഇൻവോയ്സുകൾ സമർപ്പിക്കുകയും ചെയ്തു.

1. Invoice No.17/SPV(GENERAL)/ANERT/(KSGD)2020(1)/Dt.17.3.2023-Rs.12,89,948/-

2. Invoice No.17/SPV(GENERAL)/ANERT/(KSGD)2020(2)/Dt.17.3.2023-Rs.3,99,861/-

മേൽ ഇൻവോയ്സുകൾ പ്രകാരമുള്ള ആകെ തുകയായ 16,89,809/-രൂപ ബിൽ നം.63/2022-23/28.3.3023 പ്രകാരം അനർട്ടിന് കൈമാറി. (അക്കൗണ്ട് നം.67141717768/SBI)

ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.അനർട്ടുമായി ഒപ്പിട്ട കരാറിൽ പ്രവർത്തി പൂർത്തീകരിക്കുന്ന തിയ്യതി കൃത്യമായി സൂചിപ്പിച്ചിട്ടില്ല. പദ്ധതി

നാളിതുവരെ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടില്ല.

2.ഗ്രിഡ് അധിഷ്ഠിത സോളാർ പ്ലാന്റ് ആയതിനാൽ വൈദ്യുതി ബോർഡിൽ നിന്നും അനുമതി ആവശ്യമാണ്. ഇത് ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും എനർജൈസേഷൻ അപ്രൂവൽ നേടിയിട്ടില്ല.

സോളാർ പാനലുകൾ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അനുബന്ധമായി ചെയ്യേണ്ട കാര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാത്തതിനാൽ പദ്ധതി ഫലം കണ്ടിട്ടില്ല. അതിനാൽ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതുവരെ ചെലവ് തുക 16,89,809/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.12/22.08.2023)

കൃത്യമായ പഠനം നടത്താതെ പദ്ധതികൾ തയ്യാറാക്കുന്നതിനാലാണ് പദ്ധതികൾ പാതിവഴിയിൽ നിൽക്കുന്നത്. പദ്ധതി അടിയന്തിരമായി പൂർത്തീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തത്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന വിവിധ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.DPC കെട്ടിടത്തിന് വിഹിതം നൽകൽ

പ്രൊജക്ട് നം.226/23

അടങ്കൽ - 2,91,081/- രൂപ – പ്ലാൻ ജനറൽ + 8919/-രൂപ – തനത് ഫണ്ട്

ചെലവ് - 2,91,081/- രൂപ

ബിൽ നം.32/2022-23/13.2.2023 - 2,91,081/- രൂപ

കാസറഗോഡ് ജില്ലാ ആസൂത്രണ സമിതി കെട്ടിടനിർമ്മാണത്തിന് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുക വകയിരുത്തി ഇതിനായി തുടങ്ങിയ പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ പ്ലാനിംഗ് ഓഫീസർ 27.07.2022 തീയ്യതിയിൽ നൽകിയ 1147/2007 /ഡി.പി.സി സെക്രട്ടേറിയറ്റ്/കാസറഗോഡ് നം കത്തിന്റെ അടിസ്ഥാവത്തിൽ മേൽ ബിൽ നം.പ്രകാരം 2,91,081/- രൂപ (അക്കൗണ്ട് നം.720011400000034/ജില്ലാ ട്രഷറി കാസറഗോഡ്) നിക്ഷേപിച്ചു. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.റാക്കോൽ പാടശേഖരത്തിന് വൈദ്യുതി കണക്ഷൻ പദ്ധതി

പ്രൊജക്ട് നം.231/23

അടങ്കൽ - 60,000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 25,688/-രൂപ

ബിൽ നം.62/2022-23/28.3.2023 – 25,688/-രൂപ

മടിക്കൈ ഗ്രാമപഞ്ചായത്തിലെ റാക്കോൽ പാടശേഖരത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡിന് തുക ഡോപ്പസിറ്റ് ചെയ്താണ് പ്രവർത്തി നടപ്പിലാക്കുന്നത്. ഇതിനായി 6.2.2023 തീയതിയിൽ നം.എസ്.സി.1-7768/2023 കത്ത് പ്രകാരം അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് മാവുങ്കാൽ സെക്ഷനോട് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ആവശ്യപ്പെടുകയും 17.3.2023 ന് അസി.എഞ്ചിനീയർ 25,688/- രൂപയുടെ എസ്റ്റിമേറ്റ്-കം-ഡിമാന്റ് നോട്ടീസ് സമർപ്പിക്കുകയും 20.3.2023 ന് കരാറിൽ എർപ്പെടുകയും ചെയ്തു. തുടർന്ന് ബിൽ നം.62/2022-23/28.3.2023 പ്രകാരം 25,688/-രൂപ നിക്ഷേപിച്ചു. (അക്കൗണ്ട് നം. 42553170000043/കാനറാ ബാങ്ക്) എന്നാൽ പ്രവർത്തി പൂർത്തീകരിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമായോ എന്ന് വിശദീകരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.അടുക്കത്ത് പറമ്പ് കുടിവെള്ള പദ്ധതി - കേരളാ വാട്ടർ അതോറിറ്റിക്ക് വിഹിതം കൈമാറൽ പദ്ധതി

പ്രൊജക്റ്റ് നം.240/23

അടങ്കൽ -9,00,000/- രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 8,99,260/-രൂപ

വൗച്ചർ നം.22201000/30.3.2023 – 8,99,260/-രൂപ

മടിക്കൈ ഗ്രാമപഞ്ചായത്തിലെ അടുക്കത്ത് പറമ്പ് കുടിവെള്ള പദ്ധതിക്ക് നിലവിലുള്ള കുഴൽകിണറിൽ നിന്നും വാട്ടർ ടാങ്ക് സ്ഥാപിച്ച് 25 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് ഈ പദ്ധതി. ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്താണ് പദ്ധതി നടപ്പിലാക്കുന്നത് (ഡാറ്റാ എൻടി നടത്തിയതിൽ വന്ന പിശകാണ് വാട്ടർ അതോറിറ്റി എന്നത്). 7.3.2023 ന് കത്ത് നം.101/2023 പ്രകാരം അസി.എക്സി.എഞ്ചിനീയർ, ഭൂജല വകുപ്പ്, കാസറഗോഡിന് പ്രവർത്തി ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് കത്ത് നൽകി. ഭരണസമിതി തീരുമാനം നം.2(1)/തിയ്യതി-24.3.3023 പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. 28.3.2023 ന് ഭൂജലവകുപ്പ് ആകെ 8,99,260/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. പ്രവർത്തി 6 മാസത്തിനകം പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ 28.3.2023 ന് കരാർ ഒപ്പിട്ടു. വൗച്ചർ നം.22201000/30.3.2023 പ്രകാരം 8,99,260/-രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചു. അക്കൗണ്ട് നം.7304078476/SBI.

ഓഡിറ്റ് എൻക്വയറി നം.16/23.08.2023 പ്രകാരം മേൽ മൂന്ന് പദ്ധതികളും പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക ആകെ 12,16,029/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 എരിക്കുളം പൊതു ശ്മശാനം -ഗ്യാസ് ക്രിമിറ്റോറിയത്തിലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.207/23

അടങ്കൽ - 40,00,000/-രൂപ – ജില്ലാ പഞ്ചായത്ത് വിഹിതം
+ 1,00,000/-രൂപ - തനത് ഫണ്ട്

ചെലവ് - 40,00,000/-രൂപ

വൗച്ചർ നം.22200950/25.3.2023 - 40,00,000/-രൂപ

മടിക്കൈ ഗ്രാമപഞ്ചായത്തിന് കീഴിൽ ഉള്ള എരിക്കുളം പൊതു ശ്മശാനം ഗ്യാസ് ക്രിമിറ്റോറിയം ആക്കി മാറ്റുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങാനുള്ളതാണ് ഈ പദ്ധതി. കേരള സർക്കാരിന്റെ മാലിന്യ സംസ്കരണ മേഖലയിലെ അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോയിൽ (Raidco Kerala Limited) നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് ഉപകരണങ്ങൾ വാങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്. 19.12.2022 ന് റെയ്ഡ്കോ കേരളാ ലിമിറ്റഡ്. കാഞ്ഞങ്ങാട് ബ്രാഞ്ച് ഇതിനായി 40,00,000/-രൂപയുടെ വിശദമായ പ്രഫോർമ ഇൻവോയ്സ് സമർപ്പിച്ചു. ഭരണസമിതി തീരുമാനം നം.8(1)/തിയ്യതി23.12.2022 പ്രകാരം പർച്ചേസ് നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും 31.1.2023 ലെ നം.എസ്.സി-1726/2020 പ്രകാരം റെയ്ഡ്കോ കാഞ്ഞങ്ങാടിന് ഉപകരണങ്ങൾ സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് കത്ത് നൽകുകയും ചെയ്തു. 16.3.2023 ന് മാനേജർ, റെയ്ഡ്കോ കാഞ്ഞങ്ങാടുമായി കരാർ ഒപ്പ് വെച്ചു. 16.3.3023 ന് ഉപകരണങ്ങൾ വിതരണം ചെയ്തു എന്നും തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ട് റെയ്ഡ്കോ കത്തും, ഇൻവോയ്സും സമർപ്പിച്ചിട്ടുണ്ട്. (ഇൻവോയ്സ് നം.KHD/1140/2022-2023/Dt.16.3.2023) ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾ താഴെപ്പറയുന്നു.

1.Raidco LPG Cremetorium With Primary And Secondary Chambers, Automatic Burners, Cyclone Separator, Scrubber And 30 Meter Tower Supported Chimney.

2.Supply Of Cummins 15kva/12kw Three Phase Silent Diesel Genset.

3.Installation And Commissioning Of Diesel Genset.

വൗച്ചർ നം.22200950/25.3.2023 പ്രകാരം 40,00,000/-രൂപ റെയ്ഡ്കോ കാഞ്ഞങ്ങാടിന് നൽകിയിട്ടുണ്ട്. അക്കൗണ്ട് നം.000030907888775/SBI.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടില്ല.

2.വിതരണം ചെയ്ത ഉപകരണങ്ങൾ സാങ്കേതിക വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിച്ച് സ്പെസിഫിക്കേഷനും ഗുണനിലവാരവും ഉറപ്പ് വരുത്തിയിട്ടില്ല.

3.കരാറിലെ 3-ാം വ്യവസ്ഥ പ്രകാരം 31.3.2023 ന് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. പൂർത്തീകരിക്കുന്നതിന് മുമ്പ് മുഴുവൻ തുകയും നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

4.കരാറിലെ 16-ാം വ്യവസ്ഥ പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് , ശുചിത്വമിഷൻ, അഗ്നിശമന വകുപ്പ് എന്നിവയുടെ അനുമതി ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

വൻമുതൽമുടക്കുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ ശരിയായ രീതിയിൽ പഠനം നടത്താത്തതാണ് ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണം. നടപ്പിലാക്കുന്ന ഏജൻസി സാധ്യതാപഠനം പോലും നടത്തിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലെ കാലതാമസമാണ് പദ്ധതി പൂർത്തീകരിക്കുന്നതിന് നിലവിലുള്ള തടസ്സം. സാധനസാമഗ്രികൾ ഇറക്കി തുക കൈപ്പറ്റിയതിന് ശേഷമാണ് ത്രീഫേസ് വൈദ്യുതി കണക്ഷൻ നിർബന്ധമാണെന്ന കാര്യം റെയ്ഡ്കോ ഗ്രാമപഞ്ചായത്തിനോട് സൂചിപ്പിക്കുന്നത്. ഇതിനായി പിന്നീട് വീണ്ടും പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട് .(വിശദവിവരങ്ങൾ പാര നം. 1-21)
23.8.2023ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ, പൊതുശ്മശാനത്തിൽ റെയ്ഡ്കോ ഇറക്കിയ മേൽ ക്രമ നം.(1) പ്രകാരമുള്ള സാധനങ്ങൾ മുഴുവൻ തുരുമ്പെടുത്ത സെക്കന്റ് ഹാന്റ് സാധനങ്ങളാണെന്ന് കണ്ടെത്തി. ആയതിൽ ക്രമ നം.(3) പ്രകാരമുള്ള ജനറേറ്റർ മാത്രമാണ് പുതുതായി സ്ഥാപിച്ചിട്ടുള്ളത്. അത് കെട്ടിടത്തിന് വെളിയിൽ വെറും നിലത്ത് സൂക്ഷിച്ചിരിക്കുകയും, നിലവിൽ കാട് മൂടിയ അവസ്ഥയിലുമാണുള്ളത്. ആയതിനാൽ ജനറേറ്റർ നശിക്കാൻ സാധ്യതയുണ്ട്. 40,00,000/-രൂപ ചെലവഴിച്ച് അക്രഡിറ്റഡ് ഏജൻസിയെ മാത്രം വിശ്വസിച്ച് നടപ്പിലാക്കാൻ തീരുമാനിച്ച ഈ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചത് പോലെയാണ് നിലവിലെ സാഹചര്യം എന്ന് ഓഡിറ്റ് ടീം വിലയിരുത്തുന്നു. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.10/22.08.2023 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 40,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 എരിക്കുളം പൊതുശ്മശാനത്തിലേക്ക് വൈദ്യുതീകരണം വൈദ്യുതി പോസ്റ്റ് സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിന് തുക ഡെപ്പോസിറ്റ് ചെയ്യൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.234/23

അടങ്കൽ - 1,00,000/-രൂപ – കേന്ദ്രാവിഷ്കൃത ഫണ്ട് + 44854/-രൂപ – തനത് ഫണ്ട്

ചെലവ് - 1,44,854/-രൂപ

വൗച്ചർ നം.22201002/30.3.2023 – 1,00,000/-രൂപ

വൗച്ചർ നം.22201003/30.3.2023 – 44,854/-രൂപ

“എരിക്കുളം പൊതുശ്മശാനത്തിലേക്ക് വൈദ്യുതീകരണം വൈദ്യുതി പോസ്റ്റ് സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിന് തുക ഡെപ്പോസിറ്റ് ചെയ്യൽ” എന്നാണ് പദ്ധതിയുടെ പേര് എങ്കിലും എരിക്കുളം

പൊതുശ്മശാനത്തിലേക്ക് ഗ്യാസ് ക്രിമിറ്റോറിയം പദ്ധതിക്ക് വേണ്ടി ത്രീഫേസ് വൈദ്യുതീകരണം നടത്തുന്നതിന് സാധനസാമഗ്രികൾ വാങ്ങിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി 16.3.2023ന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക സമർപ്പിച്ച നക്ഷത്ര എന്റർപ്രൈസസ് അമ്പലത്തുകര ടെണ്ടർ 27.3.2023 ലെ ഭരണസമിതി തീരുമാനം നം.4(1) പ്രകാരം അംഗീകരിച്ച് പ്രവർത്തി നൽകുകയും ചെയ്തു. 28.3.2023 ലെ ഇൻവോയ്സ് നം.1778 പ്രകാരം ആകെ 1,44,854/-രൂപയുടെ 6 ഇനം സാമഗ്രികൾ നക്ഷത്ര എന്റർപ്രൈസസ് അമ്പലത്തുകര വിതരണം ചെയ്യുകയും മേൽ തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. (അക്കൗണ്ട് നം.68700200001793)

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.എരിക്കുളം പൊതുശ്മശാനത്തിലേക്ക് വൈദ്യുതീകരണം വൈദ്യുതി പോസ്റ്റ് സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിന് തുക ഡെപ്പോസിറ്റ് ചെയ്യൽ എന്നാണ് പദ്ധതിയുടെ പേര് എങ്കിലും എരിക്കുളം പൊതുശ്മശാനത്തിലേക്ക് വൈദ്യുതീകരണം നടത്തുന്നതിനുള്ള സാധനസാമഗ്രികൾ വാങ്ങിക്കുകയാണ് ചെയ്തിട്ടുള്ളത്.

2. ഗ്യാസ് ക്രിമിറ്റോറിയം ത്രീഫേസ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തിയായിട്ടില്ല.

3. നക്ഷത്ര എന്റർപ്രൈസസ് അമ്പലത്തുകര എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

4. നക്ഷത്ര എന്റർപ്രൈസസ് അമ്പലത്തുകര എന്ന സ്ഥാപനത്തിന് ബിൽ തുക നൽകിയപ്പോൾ 2% ആദായനികുതി കിഴിവ് നടത്തിയിട്ടില്ല.

23.8.2023 ന് ഓഡിറ്റ് ടീം പൊതുശ്മശാനം സന്ദർശിച്ച സമയത്ത് പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വാങ്ങിയ സാധനങ്ങൾ സൂക്ഷിക്കാൻ പ്രത്യേകം സ്ഥലം ഇല്ലാത്തതിനാൽ പർച്ചേസ് ചെയ്ത സ്ഥാപനത്തിൽ തന്നെ സൂക്ഷിച്ചു എന്നാണ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ വിശദീകരണം. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സാധനസാമഗ്രികൾ എത്രയും പെട്ടെന്ന് വൈദ്യുതി ബോർഡിന് കൈമാറി ത്രീഫേസ് ലൈൻ സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.17/23.08.2023 പ്രകാരം മേൽ അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,44,854/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-22 ക്ഷേമപെൻഷൻ -മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല

മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ സേവന പെൻഷൻ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ, സാമൂഹ്യസുരക്ഷാ പെൻഷനുകളുടെയും വിവിധ ക്ഷേമനിധി പെൻഷനുകളുടെയും ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചു വരുന്നതായി കാണുകയുണ്ടായി . വിശദ വിവരം ചുവടെ ചേർക്കുന്നു

സാമൂഹ്യക്ഷേമ പെൻഷൻ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി/രജി.നം. | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | ബാലകൃഷ്ണൻ.പി.വി | 112010200997 (വാർദ്ധക്യകാല പെൻഷൻ) | 30.09.2022 രജി.നം.87/22 | 10/2022മുതൽ 04/2023 വരെ | 11,200 |
| 2 | എം.കൃഷ്ണൻ | 112010200997 (വാർദ്ധക്യകാല പെൻഷൻ) | 21.11.2022 രജി.നം.11/23 | 12/2022മുതൽ 02/2023 വരെ | 4,800 |
| 3. | ചന്ദ്രാവതി.പി | 112010601226 (വിധവാ പെൻഷൻ) | 22.11.2022 രജി.നം18/23 | 12/2022മുതൽ 06/2023 വരെ | 11,200 |

| | | | | | |
|---|---|---|---|---|---|
| 4. | കല്ലംതടത്തിൽ കാരിച്ചി | 112080600163 (വിധവ പെൻഷൻ) | 14.03.2023 രജി.നം.35/23 | 04/2023 മുതൽ 06/2023 വരെ | 4,800 |
| | | | | ആകെ | 32,000 |

മേൽ വിഷയം പരിശോധിച്ച് നിലവിലും ആക്ടീവായി തുടരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരണ ശേഷം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ ക്രമ നം. മൂന്നാമത്തെ ഗുണഭോക്താവ് ചന്ദ്രാവതി.പി യുടെ പേരിലുള്ള ആധാർ നമ്പറിൽ സേവന സോഫ്റ്റ് വെയറിൽ ഉള്ളത് ഉണ്ടച്ചി.പി എന്ന പേരാണ്. ടി ഗുണഭോക്താവിന് പെൻഷൻ അനുവദിക്കുന്നത് തുടരുകയും ചെയ്യുന്നുണ്ട്. ഗുണഭോക്താവിന്റെ പേരിൽ വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.

ക്ഷേമനിധി പെൻഷനുകൾ

വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ വാങ്ങിവരുന്ന ചില ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ അക്കൗണ്ട് ആക്ടീവ് ആയി നിലനിൽക്കുന്നതായി 2022, 2023 വർഷങ്ങളിലെ മടിക്കൈ ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭിച്ച വിവരങ്ങൾ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ക്ഷേമനിധി പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം |
|---|---|---|---|
| 1 | വി.കുഞ്ഞിരാമൻ | 2080054929 | 07.06.2022 രജി.നം.46/22 |
| 2 | ബാലൻ.ടി | 283493181 | 24.11.2022 രജി.നം.114/2022 |

കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ക്ഷേമനിധി പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി/രജി.നം |
|---|---|---|---|
| 1 | കാർത്ത്യായനി | 2043069771 | 24.07.2022 രജി.നം.70/22 |
| 2 | ബാലകൃഷ്ണൻ.പി.വി | 2043097598 | 30.09.2022 രജി.നം.87/22 |
| 3 | കൃഷ്ണൻ.പി | 243501101 | 01.12.2022 രജി.നം.116/22 |
| 4 | ടി.വി.ചാത്തുഞ്ഞി | 2043099842 | 04.01.2023 രജി.നം.6/23 |
| 5 | കെ.കുഞ്ഞിക്കണ്ണൻ മാരാർ | 2043096309 | 23.01.2023 രജി.നം.13/23 |

മേൽ വിഷയം ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളെ അറിയിച്ച് ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം നടത്തിയിട്ടുണ്ടെങ്കിൽ ടിയാരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

1-23 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി

സൂചന:-2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ.

2022-23 വർഷത്തിൽ 2 പേർക്ക് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

മടിക്കൈ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി.ശാരദ.വി.വി, തെക്കൻ ബങ്കളം എന്നവർ ചികിത്സാ ആവശ്യത്തിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ചുകൊണ്ട് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും 3000/-രൂപ അനുവദിച്ചു(വൗച്ചർ നം.22200351/13.9.2022– 3000/-രൂപ).

മടിക്കൈ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി.പുഷ്പ.കെ, നെല്ലിക്കാൽ ഹൗസ്, ഏച്ചിക്കാനം എന്നവർ ചികിത്സാ ആവശ്യത്തിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ചുകൊണ്ട് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും 10000/-രൂപ അനുവദിച്ചു(വൗച്ചർ നം.22201050/31.3.2023 – 10000/-രൂപ).

പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി സംബന്ധിച്ച ചട്ടം-5(1) - നിധിയെ സംബന്ധിച്ച് വരവ്-ചെലവ് രേഖപ്പെടുത്തുന്ന ക്യാഷ് ബുക്ക്, ചട്ടം-5(2) – യോഗനടപടികൾ രേഖപ്പെടുത്തുന്ന മിനിട്സ് എന്നീ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടുണ്ട്.

അപേക്ഷകൾ സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്ന അപേക്ഷാ രജിസ്റ്റർ, ചട്ടം - 3(4,5) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, പാസ്സ് ബുക്ക്, നിധിയുമായി ബന്ധപ്പെട്ട രശീത് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് വഴിയാണ് സംഭാവന സ്വീകരിക്കുന്നത്, ഈ തുക ദുരിതാശ്വാനിധി അക്കൗണ്ടിലേക്ക് ഒടുക്കുകയാണ് ചെയ്യുന്നത് എന്നാണ് വിശദീകരണം നൽകിയിരിക്കുന്നത്. ചട്ടം -6- നിധിയെ സംബന്ധിച്ച വരവ് -ചെലവ് കണക്കുകൾ സെക്രട്ടറി ഗ്രാമപഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കാറുണ്ടോ എന്നതിന് മറുപടി നൽകിയിട്ടില്ല. ദുരിതാശ്വാസനിധി ചട്ടം സംബന്ധിച്ച എല്ലാ മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. നിലവിൽ 8,835/- രൂപയാണ് ക്യാഷ് ബുക്ക് പ്രകാരം ബാലൻസ് ഉള്ളത് അതിനാൽദുരിതാശ്വാസ നിധി സ്വരൂപണം കൂടുതൽ ഊർജ്ജിതമാക്കാൻ വരും വർഷങ്ങളിൽ നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .07/22.08.2023

### 1-24 പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മടിക്കൈ ഗവ. ആയുർവേദ ആശുപത്രിയിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ നാളിതുവരെയായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010 ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരം നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതും. വാർഷിക കണക്കുകൾ സമർപ്പിക്കുന്നുവെന്ന് എച്ച്.എം.സി യും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതുമാണ്.

### 1-25 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ എരിക്കുളം ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം.19/2022-23) കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ് ആലപ്പുഴ എന്ന സ്ഥാപനത്തിന് ബിൽ നം.1/22-23 തീയതി 20.10.2022 പ്രകാരം മുൻകൂറായി 2,00,000/-രൂപ നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.34306403911). എന്നാൽ ടാക്സ് ഇൻവോയ്സ് നം. LF-351തീയതി 22.06.2023 പ്രകാരം 1,01,986/- രൂപയുടെ മരുന്നുകൾ മാത്രമേ സ്ഥാപനത്തിലേക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ആയതിനാൽ 98,014/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന 98,014/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.23/22-23തീയതി: 24.08.2023)

1-26 എഫ്.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ -ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി മടിക്കൈ
പ്രൊ.നം.18/22-23, മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ട്രഷറി ബിൽ നം.00856249/ 02.12.22 പ്രകാരം 81782/- രൂപ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേർസ് ഫെഡറേഷൻ , കാഞ്ഞങ്ങാട് വെയർ ഹൗസിന് അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ₹22266, ₹11326/-എന്നീ തുകകളുടെ ഇൻവോയ്സുകളേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. 48190/- രൂപയുടെ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. കൂടാതെ പദ്ധതിയ്ക്കായി ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച 80,400/-രൂപയുടെ (വൗ.നം.XVFC/22-23 /P/115/തി.30.03.2023) ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മരുന്ന് വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ (ഇൻവോയ്സുകളും, സ്റ്റോക്ക് എൻട്രി സാക്ഷ്യപത്രവും) മേൽ പരാമർശിച്ച 1,28,590/-(48190 +80400) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 20/ തിയതി.23.08.2023)

1-27 അലോപ്പതി മരുന്ന് വാങ്ങൽ - സർക്കാർ മാർഗ്ഗ നിർദ്ദേശം കൃത്യമായി പാലിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി മടിക്കൈ
ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് സ.ഉ(കൈ) നം.115/22 /തസ്വഭവ തിയതി. 28.05.2022 ഖണ്ഡിക 7.6.4 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇതു പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ. KMSCL – ൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമ്മസി ഡിപ്പോയിൽ നിന്നും വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയോറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട് ലെറ്റുകളിൽ നിന്നും വാങ്ങാം. നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ പ്രൊ.നം.18/23, 19/23 എന്നിവയുമായി ബന്ധപ്പെട്ട മരുന്നുകൾ ഭൂരിഭാഗവും വാങ്ങിയിട്ടുള്ളത് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേർസ് ഫെഡറേഷൻ , കാഞ്ഞങ്ങാട് വെയർ ഹൗസിൽ നിന്നുമാണ്. കൂടാതെ ഭാഗികമായി സപ്ലൈകോ, ജൻഔഷധി എന്നിവടങ്ങളിൽ നിന്നും വാങ്ങിയിട്ടുമുണ്ട്. ഈ പദ്ധതികളുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്ന വേളയിൽ KMSCL, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നിവടങ്ങളിൽ നിന്നും മരുന്ന് ലഭ്യമാകുമോ എന്നത് സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയതിന്റേയോ, പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മരുന്നിന്റെ ലഭ്യത സംബന്ധിച്ച വിശദാംശം ലഭ്യമായതിന്റേയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. KMSCL, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നിവടങ്ങളിൽ ലഭ്യമല്ലാത്ത അത്യാവശ്യമരുന്നുകൾ മാത്രം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മറ്റു സ്ഥാപനങ്ങളിൽ നിന്നും വാങ്ങാം എന്നുള്ള നിർദ്ദേശം പാലിക്കാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ മരുന്നുകളും ഇപ്രകാരം വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് സ.ഉ(കൈ) നം.115/22/തസ്വഭവ തിയതി. 28.05.2022 ഖണ്ഡിക 7.6.4 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 20/ തിയതി.23.08.2023)

1-28 എഫ്.എച്ച്.സി -ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മടിക്കൈ F H C യിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ നാളിതുവരെയായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010 ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരം നാളിതുവരെയുള്ള വാർഷിക

കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്. വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നുവെന്ന് എച്ച്.എം.സി യും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.

1-29 എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുത്തി- ഒഴിഞ്ഞ ടാർ വീപ്പകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല.

2022-23 വർഷം പേമെന്റ് നടത്തിയ ചില റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ പാക്ക് ചെയ്ത ബിറ്റുമിൻ, എമൽഷൻ എന്നിവയുടെ നിരക്കാണ് എടുത്തു കാണുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഒഴിഞ്ഞ വീപ്പകളുടെ നിരക്ക് ഈടാക്കിയതായി കാണുന്നില്ല. ടെണ്ടറുകൾ ക്ഷണിച്ചു കൊണ്ടുള്ള പരസ്യങ്ങളിൽ ഒഴിഞ്ഞ ടാർ വീപ്പകളുടെ വില ബില്ലുകളിൽ നിന്നും ഈടാക്കുന്നതാണ് എന്ന് നിബന്ധന ചെയ്തിട്ടുണ്ട്. ബൾക്ക് ബിറ്റുമിന് പകരം പാക്ക്ഡ് ബിറ്റുമിന്റെ വില എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ ഒഴിഞ്ഞ ടാർ/എമൽഷൻ വീപ്പകളുടെ വകുപ്പ് നിരക്ക് 238രൂപയും 18% ജി.എസ്.ടി യും ബില്ലുകളിൽ നിന്നും ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ഉപയോഗിച്ച RS1 എമൽഷന്റെ അളവ് | ഉപയോഗിച്ച SS1 എമൽഷന്റെ അളവ് |
|---|---|---|---|---|
| 1 | പ്രോജക്ട് നം.220/23-മേക്കാട്ട് ഒരവിൽ പുളിക്കാട്ട് റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ- വി.വി.മനോജൻ | 3199.6 KG | 283.5 KG | - |
| 2 | പ്രോജക്ട് നം. 112/23-കാലിച്ചാംപൊതി മണിയോലംകര റോഡ് റീടാറിംഗ്<br>കരാറുകാരൻ- എ.വി.ശ്രീധരൻ | 250.89 KG | 24.9 KG | - |
| 3 | പ്രോജക്ട് നം. 85/23-അരീക്കര വെള്ളച്ചേരി റോഡ് റീടാറിംഗ്<br>കരാറുകാരൻ- ബാബു.എം.ജോസഫ് | 2490.75 KG | 240.975 KG | - |
| 4 | പ്രോജക്ട് നം. 108/23-വാഴക്കോട് നാർക്കള റോഡ് റീടാറിംഗ്<br>കരാറുകാരൻ- ബാബു.എം.ജോസഫ് | 3994.05 KG | 352.855 KG | 43.35 KG |
| 5 | പ്രോജക്ട് നം. 87/23-കാര്യളം എരിപ്പിൽ റോഡ് റീടാറിംഗ്<br>കരാറുകാരൻ- ബാബു.എം.ജോസഫ് | 2964.17 Kg | 271.91 Kg | - |
| 6 | പ്രോജക്ട് നം. 76/23-ആയുർവേദ ആശുപത്രി മാച്ചിപ്പുറം റോഡ് റീടാറിംഗ്<br>കരാറുകാരൻ- ബാബു.എം.ജോസഫ് | 2808.79 Kg | 259.875kg | - |
| 7 | പ്രോജക്ട് നം. 113/23-തണ്ണീർപ്പന്തൽ തായന്നൂർ റോഡ് റീടാറിംഗ്<br>കരാറുകാരൻ- ബാലകൃഷ്ണ.കെ | 400.84 Kg | 36.45 Kg | - |
| 8 | പ്രോജക്ട് നം. 107/23-കുട്ടിയാനം പാറക്കട റോഡ് റീടാറിംഗ്<br>കരാറുകാരൻ- ബാബു.എം.ജോസഫ് | 3366.45 Kg | 323.73 Kg | 318.75 Kg |
| 9 | പ്രോജക്ട് നം. 89/23-പള്ളാരം തോക്കാനം പ്ലാന്റേഷൻ റോഡ് ടാറിംഗ് | 968.49 Kg | 126.22 Kg | 390.15 Kg |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ- അശോക്.സി | | | |
| 10 | പ്രോജക്റ്റ് നം. 80/23-എരിക്കുളം ഒളയത്ത് റോഡ് റീടാറിംഗ്<br>കരാറുകാരൻ- ചന്തു.കെ | 5608.63 Kg | 569.02 Kg | - |
| 11 | പ്രോജക്റ്റ് നം. 93/23-കുട്ടപ്പുന്ന ചെർണത്തല അമ്പലം റോഡ് റീടാറിംഗ്<br>കരാറുകാരൻ- ചന്തു.കെ | 2990.62 Kg | 289.575 Kg | - |
| 12 | പ്രോജക്റ്റ് നം. 98/23-കുട്ടപ്പുന്ന അങ്കക്കളരി റോഡ് റീടാറിംഗ്<br>കരാറുകാരൻ- ചന്തു.കെ | 2233.87 Kg | 223.40 Kg | - |
| 13 | പ്രോജക്റ്റ് നം. 35/23-മേക്കാട്ട് ചാളക്കടവ് പൂത്തക്കാൽ റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ- വി.വി.മനോജൻ | 5019.3 Kg | 510.08 Kg | 505.92 Kg |
| 14 | പ്രോജക്റ്റ് നം. 83/23-കാരക്കോട് പള്ളം വെള്ളൂട റോഡ് റീടാറിംഗ്<br>കരാറുകാരൻ- എം.ചന്ദ്രൻ | 5957.8 Kg | 564.35 Kg | 127.50 Kg |
| 15 | പ്രോജക്റ്റ് നം. 88/23-കുളങ്ങാട് കരുവളപ്പ് റോഡ് റീടാറിംഗ്<br>കരാറുകാരൻ- എം.ചന്ദ്രൻ | 2382.69 Kg | 236.37 Kg | 8.92 Kg |
| 16 | പ്രോജക്റ്റ് നം. 100/23-എരിക്കുളം വേട്ടയ്ക്കൊരു മകൻ അമ്പലം റോഡ് റീടാറിംഗ്<br>കരാറുകാരൻ- എം.ചന്ദ്രൻ | 1039.40 Kg | 108 Kg | - |
| 17 | പ്രോജക്റ്റ് നം. 97/23-നീലേശ്വരം കല്ലിങ്കാൽ റോഡ് റീടാറിംഗ്<br>കരാറുകാരൻ- എം.ചന്ദ്രൻ | 2731.32 Kg | 263.18 Kg | |
| 18 | പ്രോജക്റ്റ് നം. 84/23-കുണ്ടറ അങ്കണവാടി റോഡ് റീടാറിംഗ്<br>കരാറുകാരൻ- എം.ചന്ദ്രൻ | 3684.69 Kg | 344.05 Kg | 126.735 Kg |
| | | 52,092.35 Kg<br>334ബാരൽ | 5028.44<br>25 ബാരൽ | 1521.32 Kg<br>8ബാരൽ |

ആകെ 367 ബാരൽ

367x280.84 =1,03,068രൂപ

(87,346-ബാരൽ വില+15,722-ജി.എസ്.ടി)

ബാരൽ വില ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9, തിയതി 21.08.2023) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി പ്രസ്തുത പ്രോജക്ടുകൾക്ക് വേണ്ടി ഏത് ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്

എന്ന് പരിശോധിച്ച് ബന്ധപ്പെട്ട ഹെഡിലേക്ക് ഒടുക്കേണ്ടതും ബാധകമായ ജി.എസ്.ടി തുക അടവാക്കേണ്ടതുമാണ്.

1-30 നിർമാണ സാമഗ്രികളുടെയും കോൺക്രീറ്റ് റോഡ് പ്രതലങ്ങളുടെയും ഇന്റർലോക്ക് ടൈലുകളുടെയും ഗുണനിലവാര പരിശോധനകൾ നടത്തിയിട്ടില്ല

വളരെ സാങ്കേതിക തികവോടെ നിർവഹിക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെയും പ്രവൃത്തികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഘടകങ്ങളുടെയും ഗുണനിലവാര പരിശോധനകൾ നടത്തിയതായി കാണുന്നില്ല.

1. റോഡ് നിർമാണ പ്രവൃത്തികളിൽ വലിയ തോതിൽ വെറ്റ് മിക്സ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിലും വെറ്റ് മിക്സിന്റെ സീവ് ടെസ്റ്റ് അടക്കമുള്ള നിശ്ചിത ഗുണനിലവാര പരിശോധനകൾ നടത്തിയതിന്റെ രേഖകൾ ഫയലുകളിൽ ഇല്ല. കൂടാതെ റോഡ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന വിവിധ വലിപ്പത്തിലുള്ള Coarse Aggregates കളുടെയും സീവ് ടെസ്റ്റുകൾ നടത്തിയിട്ടില്ല.

2. റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ച ബിറ്റുമിൻ, എമൽഷനുകൾ എന്നിവയുടെ നിശ്ചിത ഗുണനിലവാര പരിശോധനകൾ ഒരു പ്രവൃത്തിയിലും നടത്തിയിട്ടില്ല.

3. അനേകം റോഡുകളുടെ പ്രതലങ്ങൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിലും കോൺക്രീറ്റ് പ്രതലങ്ങളുടെ നിശ്ചിത ഗുണനിലവാര / ബല പരിശോധന നടത്തിയതായി കാണുന്നില്ല. (ഉദാഹരണം- പ്രോജക്ട് നം.219/23-പൂത്തക്കാൽ ചാർത്തങ്കൽ എരിക്കുളം റോഡ് മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ 426 മീറ്റർ നീളത്തിൽ റോഡിന്റെ ഇരു പാർശ്വങ്ങളും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. 10സെ.മീ കനത്തിൽ M15 ഗ്രേഡിൽ PCC 1:4:8ചെയ്ത് അതിനു മുകളിൽ 7.5 സെ.മീ കനത്തിൽ 1:2:4 തോതിൽ കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഈ കോൺക്രീറ്റ് നിർമിതികളുടെ ബല പരിശോധന നടത്തിയിട്ടില്ല. )

4. ചില പ്രവൃത്തികളിൽ ഇന്റർലോക്ക് പേവർ ബ്ലോക്കുകൾ, Chequerred Precast Cement Concrete ടൈലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ സാമഗ്രികളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല. (ഉദാഹരണം- പ്രോജക്ട് നം.2/23-എരിക്കുളം പൊതു ശ്മശാനത്തിലെ സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ M-30ഗ്രേഡിലുള്ള 408.135 Sqm 60mm ഇന്റർലോക്ക് ടൈലുകൾ സ്ഥാപിച്ചിട്ടുണ്ട്, എന്നാൽ ഇവ M-30 ബലം പ്രദാനം ചെയ്യുന്നുവെന്ന് എപ്രകാരമാണ് ഉറപ്പു വരുത്തിയത് എന്ന് വ്യക്തമല്ല. )

5. പ്രോജക്ട് നം.213/23 – കുടുംബശ്രീ ഓഫീസ് മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ 24.245 Sqm Aluminium Composite Pannel ഉപയോഗിച്ച് കർട്ടൻ വാൾ (Curtain Wall) സ്ഥാപിക്കുന്നതിനായി Sqm ന് 3680രൂപ നിരക്കിൽ 89,221 രൂപ ചെലവു ചെയ്തിട്ടുണ്ട്. ഈയിനത്തിന്റെ എസ്റ്റിമേറ്റ് നിരക്ക് Sqm ന് 4978 രൂപയാണ്. ഈ നിരക്കിൽ സ്ട്രക്ചറൽ, ഫങ്ഷണൽ ഡിസൈനിംഗിനുള്ള തുക ഉൾപ്പെടുന്നതായി പ്രവൃത്തിയിനത്തിന്റെ സ്പെസ്സിഫിക്കേഷനിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഡിസൈനിംഗ് നടത്തിയിതായി കാണുന്നില്ല. Shop Drawing നടത്തിയിട്ടില്ല. മർദ്ദ സമാന്തരീകരണം ഉറപ്പു വരുത്താതെയും നിർമിതി വാട്ടർ ടൈറ്റ് ആണെന്ന് ഉറപ്പു വരുത്താതെയുമാണ് പ്രവൃത്തി നിർവഹിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3, തിയതി 21.08.2023) മറുപടി നൽകിയിട്ടില്ല. സി.പി.ഡബ്ല്യു.ഡി / മോർഡ് സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നടത്താൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം എൽ.ഐ.ഡി ആന്റ് ഇ.ഡബ്ല്യു അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

1-31 R-Track ആപ്ലിക്കേഷനിൽ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള കണക്ടിവിറ്റി മാപ്പും ഡിജിറ്റൽ ആസ്തി രജിസ്റ്ററും തയ്യാറാക്കൽ- പ്രോജക്ടിന്റെ നിർവഹണ രീതിയും ഫലപ്രാപ്തിയും അവ്യക്തം

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

മടിക്കൈ ഗ്രാമപഞ്ചായത്തിലെ നിലവിലെ എല്ലാ റോഡുകളുടെയും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനും

ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനും പ്രോജക്ട് നം.225/23 ൽ തനതു ഫണ്ടിൽ നിന്നും ഒരു 45,000 രൂപ വകയിരുത്തിയിരുന്നു.

പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ഇല്ല. പേമെന്റ് വൗച്ചർ നം.22200960/29.03.2023 പ്രകാരം ശ്രീ.അനൂപ് കുമാർ.ടി എന്നവരുടെ 5016101002678 നമ്പർ അക്കൗണ്ടിലേക്ക് 10,620 രൂപ നിക്ഷേപിച്ചിട്ടുണ്ട്. സർവേ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാഹനം ഉപയോഗിച്ചതിന്റെ പെട്രോൾ ചെലവായി 14.11.2022 മുതൽ 28.12.2022 വരെയുള്ള വിവിധ ദിവസങ്ങളിലെ വിവിധ ബില്ലുകൾ പ്രകാരം ഉള്ള തുകയായാണ് 10,620രൂപ നൽകിയത്. പ്രോജക്ടിന്റെ മറ്റു വിശദാംശങ്ങൾ ഫയലിൽ ഇല്ല. ഈ സാഹചര്യത്തിൽ ചുവടെ ചേർത്ത വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം.2, തിയതി 21.08.2023)

1. പ്രോജക്ടിന്റെ നിർവഹണ രീതി എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

2. ശ്രീ.അനൂപ് കുമാർ.ടി യുടെ അക്കൗണ്ടിലേക്ക് തുക നൽകാനുണ്ടായ സാഹചര്യം, ക്വട്ടേഷനുകൾ, കരാറുകൾ എന്നീ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

3. R-Track ൽ ഡിജിറ്റൽ അസറ്റ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ബോധ്യപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

മലപ്പുറം, കോഴിക്കോട്, വയനാട്, കാസറഗോഡ് ജില്ലകളിൽ വാർഷിക ബഡ്ജറ്റ് ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ പെടുന്ന ആസ്തികളായ റോഡ്. പാലങ്ങൾ, കെട്ടിടങ്ങൾ, പാർശ്വ ഭിത്തികൾ എന്നിവയുടെ ജിയോ ടാഗിംഗ്, മറ്റു വിവരങ്ങളും ശേഖരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി KSREC യുമായി കരാറിൽ ഏർപ്പെട്ടു കൊണ്ട് 2022 നവംബർ 30 നകം പൂർത്തിയാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 20.10,2022 ലെ നം.ഡി.ബി3-5525/20/സി.ഇ/തസ്വഭവ (Part B) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശം നില നിൽക്കേയാണ് പഞ്ചായത്ത് ഇത്തരമൊരു പ്രോജക്ട് യാതൊരു വ്യക്തതയുമില്ലാതെ നിർവഹിച്ചതായി കാണുന്നത്.

ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവു ചെയ്ത 10,620 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 പ്രോജക്ട് നം. 54/23-ജി.എൽ.പി.സ്കൂൾ കീക്കാംകോട്ട് റിപ്പയർ- ഡിസ്മാന്റിൽ ചെയ്ത സാമഗ്രികളുടെ ഡിസ്പോസൽ വ്യക്തമാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ- ശ്രീ.പ്രദീഷ്.എ

ചെലവ്- BRN 22200352009401489037/27.03.2023- 7,91,536 രൂപ

ഈ പ്രവൃത്തിയിൽ ഡിസ്മാന്റിൽ ചെയ്ത സാമഗ്രികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
